**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2021** **16-03-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസികളിൽ കോവിഡ് മൂലം ജോലി നഷ്ടപ്പെട്ടവരുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മൂലം ജോലി നഷ്ടപ്പെട്ട പ്രവാസികളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവർക്ക് സഹായകരമായി പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് ജാഗ്രത പോർട്ടലിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 10.03.2022 തീയതി വരെ 1292323 പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപെട്ട് നാട്ടിലേക്ക് മടങ്ങിയെത്തിയിട്ടുണ്ട് . കോവിഡ്-19 മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി 50 കോടി രൂപ വകയിരുത്തി പ്രവാസി ഭദ്രത എന്ന പേരിൽ പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നാനോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - പേൾ), മൈക്രോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ), സ്പെഷ്യൽ അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - മെഗാ) എന്നീ തൊഴിൽ സംരംഭകത്വ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവാസികൾക്കായി നടപ്പിലാക്കിയിട്ടുള്ള പുനരധിവാസ പദ്ധതിയായ NDPREM-ന്റെ പദ്ധതി വിഹിതം കോവിഡ് പശ്ചാത്തലത്തിൽ 18 കോടിയിൽ നിന്ന് 24.4 കോടി രൂപയായി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് മൂലം വിദേശത്തുള്ള ജോലി നഷ്ടപ്പെട്ടവരും, മരണപ്പെട്ടവരുമായ പ്രവാസികളുടെ കുടുംബങ്ങൾക്ക് / ആശ്രിതർക്ക് വിദേശത്തെ തൊഴിൽ ദാതാക്കളിൽ നിന്ന് അർഹമായ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി വിദേശ കാര്യ മന്ത്രാലയങ്ങളുടെയും ബന്ധപ്പെട്ട എംബസികളുടെയും ശ്രദ്ധയിൽപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളിൽ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് കൂടുതൽ സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ? | (ബി) | കോവിഡ് ബാധിച്ച് വിദേശ രാജ്യങ്ങളിൽ മരണപ്പെട്ട പ്രവാസി മലയാളികളുടെ ആശ്രിതർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപയും, പ്രവാസി |

| | | | |
|---|---|---|---|
| | | | ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് അൻപതിനായിരം രൂപയും മരണാനന്തര ധനസഹായം അനുവദിക്കുന്നുണ്ട്. കോവിഡ് മൂലം മരണപ്പെട്ട പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം 25,000/- രൂപ വീതം ഒറ്റത്തവണ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാനസർക്കാർ എക്സ്ഗ്രേഷ്യ അനുവദിക്കുന്നുണ്ടെങ്കിലും, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും പുറപ്പെടുവിച്ചിട്ടുള്ള നിലവിലെ മാർഗ്ഗ രേഖകൾ പ്രകാരം കോവിഡ് മൂലം വിദേശത്ത് വെച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന്റെ എക്സ് ഗ്രേഷ്യ അനുവദിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്. ഇത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ ഇളവനുവദിക്കുവാൻ മുഖ്യമന്ത്രി തലത്തിൽ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ